**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6282** 03.04.2018 -ലെ മറുപടിക്ക്

## പാറശ്ശാല മണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.കെ. ഹരീന്ദ്രൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം നവീകരിക്കുന്ന പട്ടികവർഗ്ഗ സങ്കേതങ്ങളുടെ പട്ടികയിൽപ്പെടുത്തി പാറശ്ശാല മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത പട്ടികവർഗ്ഗ സങ്കേതങ്ങൾ എതൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | പാറശ്ശാല നിയോജക മണ്ഡലത്തിൽ അമ്പൂരി പഞ്ചായത്തിലെ തെന്മല പട്ടികവർഗ്ഗ സങ്കേതത്തെ അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നേയ്ക്ക് ആരംഭിക്കാനാകുമെന്നും ഈ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ? | (ബി) | മേൽ പരാമർശിത പട്ടികവർഗ്ഗ സങ്കേതത്തിൽ 29.12.2017-ന് ബഹു.പാറശ്ശാല എം.എൽ.എ-യുടെ സാന്നിദ്ധ്യത്തിൽ പ്രത്യേക ഊരുകൂട്ടം ചേർന്ന് കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനും ഊരിൽ കമ്മ്യൂണിറ്റി ഹാൾ സ്ഥാപിക്കുന്നതിനും ടോയ്‌ലറ്റ് സൗകര്യം ഇല്ലാത്ത ഭവനങ്ങളിൽ ആയത് ഏർപ്പെടുത്തുവാനും തീരുമാനിച്ചിരുന്നു. ടി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള ചുമതല കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിക്കുകയും ഡി.പി.ആർ തയ്യാറാക്കി നൽകുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ